33

# “വിതെക്കുന്നവന്റെ ഉപമ കേൾപ്പിൻ”

## മത്താ. 13:3-10, 18-23; മർക്കൊ. 4:2-10, 13-20; ലൂക്കൊ. 8:4-9, 11-15, ഒരടുത്ത നോട്ടം

എന്റെ പ്രസംഗം നീണ്ടുപോകുന്തോറും, എനിക്കു കൂടുതൽ ബോധ്യമാകുന്നത്, ഒരു പരിധിവരെ, ഏതൊരു പ്രസംഗത്തിന്റെയും ഫലം സദസ്യർ തീരുമാനിക്കുന്നു എന്നതാണ്. എന്റെ പ്രസംഗം മികവുറ്റത് എന്ന് ആളുകൾ പറയുവോളം എനിക്ക് ഒരു സ്ഥലത്ത് പ്രസംഗിക്കുവാൻ കഴിയും; അതേ പ്രസംഗം തന്നെ മറ്റൊരു സ്ഥലത്തുള്ള ആളുകളോടു പ്രസംഗിച്ചാൽ സദസ്യരിൽ ചിലർ അത് സാധാരണ എന്നോ മോശമാണെന്നോ പോലും പറയും. ഒരു സ്ഥലത്ത്, ഒരു പ്രസംഗം ധാരാളം ഹൃദയങ്ങളെ സ്പർശിച്ചേക്കാം; മറ്റൊരു സ്ഥലത്ത്, അതേ പ്രസംഗം പറയത്തക്ക പ്രതികരണം ലഭിച്ചെന്നും വരികയില്ല. എന്റെ അവതരണം ഒരുപരിധിവരെ വ്യത്യാസമുള്ളതാണെന്നു പറയാമെങ്കിലും, മുഖ്യ വ്യത്യാസം സദസ്യരുമായിട്ടായിരിക്കും. സുവിശേഷത്തിന്റെ വിജയത്തിൽ ശ്രോതാക്കൾ പങ്കുവഹിക്കുന്നു എന്ന ഭാഗത്തിന് ഊന്നൽ കൊടുത്തുകൊണ്ട് യേശു ഒരിക്കൽ ഒരു ഉപമ പഠിപ്പിക്കയുണ്ടായി.[1]

### ഉപമ
### (മത്താ. 13:3-9; മർക്കൊ. 4:2-9; ലൂക്കൊ. 8:4-8)

യേശു തുടങ്ങിയത്, “വിതെക്കുന്നവൻ, വിതെപ്പാൻ പുറപ്പെട്ടു” (മത്തായി 13:3) എന്നാണ്.

**വഴി-അരികിലെ[2] മണ്ണ്: കാഠിന്യമുള്ളത്**

“വിതെക്കുമ്പോൾ, ചിലതു വഴിയരികെ വീണു” (മത്തായി 13:4). ആ കാലത്ത് പാലസ്തീനിലെ വയലുകൾക്ക് ഇടയിൽ വേലികൾ ഇല്ലായിരുന്നു, വയലുകൾക്കിടയിലൂടെ വഴികളും ഉണ്ടായിരുന്നു. ആ വഴികൾ ഇടുങ്ങിയതും ആളുകൾ നടന്ന് വയലുകളിൽ കൂടെയുള്ള പാത ഉറച്ചതുമായിരുന്നു. ആ ഉറച്ച മണ്ണിൽ വിത്തു മുളച്ചുവരുന്നത് അസാധ്യമായിരുന്നു, അതുകൊണ്ട് വിത്ത് മുകളിൽ കിടക്കും. അതിന്റെ ഫലമായി, “ചിലതു വഴിയരികെ വീണിട്ടു ചവിട്ടിപ്പോകയും ആകാശത്തിലെ പറവജാതി അതിനെ തിന്നുകളകയും ചെയ്തു” (ലൂക്കൊസ് 8:5).[3]

**പാറസ്ഥലത്തെ മണ്ണ്: താഴ്ച്ചയില്ലാത്തത്**

“ചിലതു [അതായത്, മറ്റു വിത്തുകൾ] പാറസ്ഥലത്തു, ഏറെ മണ്ണില്ലാത്ത ഇടത്തു വീണു” (മത്തായി 13:5). അത്തരം നിലത്തിന്റെ മുകൾഭാഗം മാത്രം

മണ്ണും[4] അടിയിൽ പാറയും ആയിരിക്കും. അത്തരം സ്ഥലങ്ങൾ പാലസ്തീനിൽ സാധാരണ വയലുകളിൽ കാണാം, അത് മലകൾ ഉള്ള എല്ലാ രാജ്യങ്ങളിലും കാണാം. വഴി–അരികെ ഉള്ള മണ്ണുപോലെ ഇതും കടുപ്പമുള്ളതാണ്, എന്നാൽ പുറമെ നോക്കിയാൽ നല്ല മണ്ണാണെന്ന് തോന്നുകയും ചെയ്യും.

അത്തരം നിലത്ത് വിത്ത് വീഴുമ്പോൾ, ആ മണ്ണിൽ അധികം താമസിയാതെ അത് വളർന്നു തുടങ്ങും. എങ്ങനെയായാലും, മണ്ണിന് താഴ്ച്ചയില്ലാത്തതുകൊണ്ട് ചെടികളുടെ വേരുകൾക്ക് ആഴത്തിൽ പോകുവാൻ കഴിയുന്നില്ല. "മണ്ണിന്നു താഴ്ച്ചയില്ലായ്കയാൽ, ക്ഷണത്തിൽ മുളെച്ചുവന്നു" (വാ. 5). ഫലമോ "... സൂര്യൻ ഉദിച്ചാറെ, ചൂടുതട്ടി; വേർ ഇല്ലായ്കയാൽ ["നനവില്ലായ്കയാൽ"; ലൂക്കൊസ് 8:6], അതു ഉണങ്ങിപ്പോയി" (മത്തായി 13:6).

## മുള്ളുള്ള മണ്ണ്: ഭാഗിക്കപ്പെട്ടത്

"[മറ്റു ചില വിത്തുകൾ] മുള്ളിന്നിടയിൽ വീണു" (മത്തായി 13:7). അത് നല്ലതും, ധനികവുമായ മണ്ണായിരുന്നു, എന്നാൽ നിലം മുള്ളുകളെ കൊണ്ട് നിറഞ്ഞിരുന്നു. ജെ. ഡബ്ളിയു. ഒരു മനുഷ്യൻ കുതിരപ്പുറത്ത് യാത്ര ചെയ്യുവാൻ കഴിയാത്ത വിധത്തിൽ പതിനാറുതരം മുള്ളുകൾ നിറഞ്ഞതായിരുന്നു പാലസ്തീനിലെ ചില സ്ഥലങ്ങൾ എന്നാണ് മെക്ഗാർവെ എഴുതിയത്.[5]

മുള്ളുകളുടെ മുകൾ ഭാഗം മുറിച്ചുകളഞ്ഞതുകൊണ്ട് അടിയിൽ നല്ല മണ്ണായിരിക്കുമെന്ന് തോന്നുവാൻ സാധ്യതയുണ്ട് – എന്നാൽ വേരുകൾ ഭൂമിക്കടിയിൽ തന്നെ ഉണ്ടായിരുന്നു. ഞാൻ കുട്ടിയായിരിക്കുമ്പോൾ എന്റെ അപ്പൻ എന്നോടു തോട്ടം കിളയ്ക്കുവാൻ പറയുമ്പോൾ, ചിലപ്പോൾ തറക്ക് മുകൾഭാഗം വരെ ഞാൻ കളകളെ മുറിക്കുമായിരുന്നു. അങ്ങനെ തോട്ടം കളകൾ ഇല്ലാതിരിക്കുന്നതായി *കാണപ്പെട്ടു*, ആ ജോലിക്ക് അധിക സമയം ആവശ്യവുമുണ്ടായിരുന്നില്ല. തീർച്ചയായും, താമസിയാതെ എനിക്ക് തോട്ടം വീണ്ടും കിളയ്ക്കേണ്ടതായി വന്നു!

വിത്തിന് ആ പ്രതലത്തിൽ വളരുവാനും വേരുകൾ ഊന്നുവാനും കഴിഞ്ഞു, എന്നാൽ അതിനോടൊപ്പം "മുള്ളുംകൂടെ മുളച്ചു" (ലൂക്കൊസ് 8:7). തൽഫലമായി, "മുള്ളു മുളെച്ചു വളർന്നു [അതിനെ] ഞെരുക്കി കളഞ്ഞു'' (മത്തായി 13:7). ഒരിക്കൽ ഞാൻ ആ സത്യത്തെ വളരെ കാലമായി–മറന്നുകിടന്ന ഉറവിടത്തിൽ നിന്ന് എടുക്കുകയുണ്ടായി: "മണ്ണ് ഒരു പരിധിവരെ കൃഷികൾക്ക് സഹായകമാണ്, എന്നാൽ ചോളത്തെ അറുത്തുമാറ്റുവാൻ കഴിവുള്ളതാണ് ഓരോ ജീവനുള്ള കളയും." മുള്ള് പാറപ്പുറത്തുള്ള മണ്ണിലേതുപോലെ, ചെടികളെ നശിപ്പിക്കുകയില്ല. ചെടികൾ വളർന്നു, പക്ഷെ അവയെ ഞെരുക്കി കളഞ്ഞു. അവയുടെ തല ഉയർന്നു വന്നു,[6] എന്നാൽ ആ തലകൾ എല്ലാം ശൂന്യമായിരുന്നു – അതുകൊണ്ട് ചെടികൾ "വിളഞ്ഞതുമില്ല" (മർക്കൊസ് 4:7).

## നല്ല മണ്ണ്: മൃദുവായതും, ആഴത്തിലുള്ളതും, ശുദ്ധവും

"മറ്റു ചിലതു നല്ല നിലത്തു വീണു" (മത്തായി 13:8). അത് നല്ലതും, ഫലപൂയിഷ്ടമായതും, വിത്തിനെ സ്വീകരിപ്പാൻ എല്ലാവിധത്തിലും അനുയോജ്യവുമായ മണ്ണായിരുന്നു. അത് മറ്റു മണ്ണുകൾക്കു വിപരീതമായിരുന്നു. വഴി–അരുകിൽ ഉള്ള മണ്ണ് കടുപ്പമുള്ളതായിരുന്നു, എന്നാൽ ഈ മണ്ണ് മൃദുവായതായിരുന്നു. പാറപ്പുറത്തുള്ള മണ്ണ് താഴ്ച്ചയില്ലാത്തതായിരുന്നു,

എന്നാൽ ഇത് താഴ്ച്ചയുള്ളതായിരുന്നു. മുള്ളുള്ള മണ്ണ് കളകൾ നിറഞ്ഞതായിരുന്നു, എന്നാൽ ഇത് ശുദ്ധമായതായിരുന്നു. ഇതിൽ വിത്ത് മുളയ്ക്കുവാനും തടസ്സം കൂടാതെ വളരുവാനും കഴിഞ്ഞിരുന്നു. എന്തായിരുന്നു ഫലം? "നൂറും, അറുപതും, മുപ്പതും, മേനിയായി വിളഞ്ഞു" (വാ. 8).

യേശു ഉപമ പറഞ്ഞശേഷം, അവൻ പറഞ്ഞു, "ചെവിയുള്ളവൻ, കേൾക്കട്ടെ" (വാ. 9). ഇത് കേട്ട് മറന്നുപോകുവാനുള്ള ഒരു കഥയല്ല എന്നവൻ ഊന്നി പറഞ്ഞിരുന്നു. അതിന്റെ അർത്ഥം ഗ്രഹിക്കുവാൻ തന്റെ ശ്രോതാക്കൾക്ക് അവൻ വെല്ലുവിളി നൽകി.

## പ്രായോഗികത
## (മത്താ. 13:10, 18-23; മർക്കൊ. 4:10, 13-20; ലൂക്കൊ. 8:9, 11-15)

എന്തുകൊണ്ടാണ് ഉപമകളിൽ യേശു സംസാരിച്ചതെന്നും (മത്തായി 13:10) അതിന്റെ അർത്ഥം എന്തെന്നും, ശിഷ്യന്മാർ അടുത്തുചെന്ന് അവനോടു ചോദിച്ചു (ലൂക്കൊസ് 8:9). പിന്നെ ക്രിസ്തു അത് വിശദീകരിച്ചു കൊടുത്തു. അവൻ പറഞ്ഞുതുടങ്ങി, "വിതെക്കുന്നവന്റെ ഉപമ കേട്ടുകൊൾവിൻ" (മത്തായി 13:18).

മണ്ണുകളെ കുറിച്ചുള്ള അവന്റെ വിശദീകരണത്തിലേക്കു നാം കടക്കുന്നതിനു മുൻപ്, വിത്തിന്റെയും, വിതെക്കുന്നവന്റെയും, വയലിന്റെയും പ്രാധാന്യത്തെ കുറിച്ചു നാം അല്പ സമയം ചിന്തിക്കേണ്ടതുണ്ട്. ആദ്യം, *വിത്തിനെ* കുറിച്ച് ചിന്തിക്കുക: യേശു പറഞ്ഞു, "ഉപമയുടെ പൊരുളോ: വിത്ത് ദൈവവചനം" (ലൂക്കൊസ് 8:11). വീണ്ടും, അവൻ പറഞ്ഞു "വിതെക്കുന്നവൻ വചനം വിതെക്കുന്നു" (മർക്കൊസ് 4:14). വിത്ത് "കെടാത്ത ... ദൈവവചനം" (1 പത്രൊസ് 1:23), *വിതെക്കുന്നവൻ* വിത്തുവിതെക്കുന്നു അല്ലെങ്കിൽ വചനം വ്യാപിപ്പിക്കുന്നു – അതായത് ഉപദേഷ്ടാവു അല്ലെങ്കിൽ പ്രാസംഗികൻ. തന്റെ പ്രസംഗത്തെ കുറിച്ച്, പൗലൊസ്, പറഞ്ഞു, "ഞാൻ നട്ടു" (1 കൊരിന്ത്യർ 3:6). എന്നാൽ *വയലിനെ* കുറിച്ചു എന്താണ് പറയുന്നത്? അത് മനുഷ്യരുടെ ഹൃദയം അല്ലെങ്കിൽ മനസ്സാണ്. വചനം ഗ്രഹിക്കുവാൻ കഴിവുള്ളത് മനസ്സിനാണ്. യേശു വിശദമാക്കി "നല്ല മണ്ണിലുള്ളതോ" "വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നേ" (ലൂക്കൊസ് 8:15).

ഇവിടെയാണ് ഉപമയുടെ പ്രാധാന്യം: വിതെക്കുന്നവനും വിത്തും എല്ലാ കാര്യത്തിലും ഒന്നുതന്നെ ആയിരുന്നു; വ്യത്യാസമുള്ളത് മണ്ണുകൾക്കായിരുന്നു.[7] വിത്ത് ഉൾക്കൊള്ളുവാനുള്ള അവസ്ഥ ഓരോന്നിലും വ്യത്യസ്തമായിരുന്നു, അതുകൊണ്ടു ഫലവും ഓരോന്നിലും വ്യത്യസ്തമായിരുന്നു. ഈ ഉപമ നമ്മെ ഓരോരുത്തരെയും കൊണ്ട് ഇപ്രകാരം ചോദിപ്പിക്കും, "എന്റെ ഹൃദയത്തിന്റെ അവസ്ഥ എന്താണ്? ഞാൻ എങ്ങനെയാണ് വചനം കൈകൊള്ളുന്നത്?"

ഇനി നമുക്ക് നാല് വ്യത്യസ്ത സ്വഭാവമുള്ള ഹൃദയ മണ്ണുകളെ കുറിച്ചുള്ള യേശുവിന്റെ വിശദീകരണം നോക്കാം.

### വഴി-അരികെയുള്ള മണ്ണ്: കാഠിന്യമുള്ള ഹൃദയം

പാതയരികിലുള്ള മണ്ണ് *കാഠിന്യമുള്ള ഹൃദയത്തെ* പ്രതിനിധാനം

ചെയ്യുന്നു – ദുരഭിമാനത്താൽ അല്ലെങ്കിൽ താൽപര്യമില്ലായ്മയാൽ ചവിട്ടി മെതിച്ച് "പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ട" (എബ്രായർ 3:13) ഹൃദയമാണത്. നിങ്ങൾ എപ്പോഴെങ്കിലും ആളുകളെ പഠിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, സുവിശേഷത്തിൽ താൽപര്യമില്ലാത്ത ആളുകളെ നിങ്ങൾ ഒരുപക്ഷെ കണ്ടുകാണും. അത്തരത്തിലുള്ള വ്യക്തിയെ കുറിച്ച് 1 കൊരിന്ത്യർ 2:14–ൽ പൗലൊസ് പറയുന്നു: "എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല, അതു അവന്നു ഭോഷത്വം ആകുന്നു; ആത്മീകമായി വിവേചിക്കേണ്ടതാകയാൽ, അത് അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല." അവർ "സത്യത്തെ സ്നേഹിച്ച് കൈക്കൊള്ളുന്നില്ല" (2 തെസലൊനിക്യർ 2:10). വചനം എന്ന വിത്തിന് അവരുടെ ഹൃദയത്തെ തുളയ്ക്കുവാൻ കഴിയുന്നില്ല.

അതുകൊണ്ട് യേശു പറഞ്ഞു, "ഒരുത്തൻ രാജ്യത്തിന്റെ വചനം കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ, ദുഷ്ടൻ വന്നു അവന്റെ ഹൃദയത്തിൽ വിതെക്കപ്പെട്ടതു എടുത്തുകളയുന്നു. ഇതത്രെ വഴിയരികെ വിതെക്കപ്പെട്ടത്" (മത്തായി 13:19). വഴിയരികിലുള്ള വിത്തുകൾ പക്ഷികൾ കൊത്തിത്തിന്നുന്നതുപോലെ, കഠിന ഹൃദയരുടെ ഉള്ളിൽനിന്ന് അവർ കേട്ട വചനം പിശാച് എടുത്തുകളയുന്നു. എങ്ങനെ? അതിനുള്ള ഏറ്റവും സാധാരണവും എളുപ്പവുമായ മാർഗ്ഗം അവനിലേക്ക് മറ്റ് ഒരായിരം ചിന്തകൾ നിറയ്ക്കുന്നതിലൂടെയാണ്. സാത്താൻ എന്തിനാണ് അങ്ങനെ ചെയ്യുന്നത്? "... എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ" (ലൂക്കൊസ് 8:12). ദൈവവചന കേൾവിയാലാണ് വിശ്വാസം വരുന്നത് (റോമർ 10:17), ആളുകൾ വചനം കേട്ട് വിശ്വസിക്കുവാൻ പിശാച് ഇഷ്ടപ്പെടുന്നുമില്ല. തന്നോടുകൂടെ എത്രപേരെ നരകത്തിലേക്ക് കൊണ്ടുപോകാമെന്നതാണ് അവന്റെ ചിന്ത.

ഈ വാക്കുകൾ വായിക്കുന്ന ആർക്കെങ്കിലും അത്തരത്തിലുള്ള ഹൃദയമുണ്ടാകുവാൻ സാധ്യതയുണ്ടോ? ദൈവവചനം കൈക്കൊള്ളുന്നതിന് എതിരായി ആരുടെയെങ്കിലും ഹൃദയം കഠിനപ്പെടുവാൻ സാധ്യതയുണ്ടോ? ബൈബിൾ പറയുന്നു, "ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" (എബ്രായർ 4:7). മറിച്ച്, "നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം, സൗമ്യതയോടെ കൈക്കൊൾവിൻ" (യാക്കൊബ് 1:21). ഓർക്കുക: വിത്തു നഷ്ടപ്പെടുക എന്നാൽ ജീവിതം നഷ്ടമാക്കുക എന്നതാണ് ... കാരണം ആത്മീയജീവൻ വിത്തിലാണുള്ളത്!

**പാറപ്പുറത്തെ മണ്ണ്: താഴ്ച്ചയില്ലാത്ത ഹൃദയം**

പിന്നെ യേശു പാറപ്പുറത്തുള്ള മണ്ണിന്റെ അർത്ഥം വിശദമാക്കി: "പാറസ്ഥലത്തു വിതെക്കപ്പെട്ടതോ, ഒരുത്തൻ വചനം കേട്ടിട്ടു ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നതു ആകുന്നു" (മത്തായി 13:20). പാറപ്പുറത്തുള്ള മണ്ണ് ആഴമില്ലാത്ത മനസ്സുള്ള, ഉൾക്കാഴ്ച്ചയില്ലാത്ത വ്യക്തികളെ സൂചിപ്പിക്കുന്നു. അത്തരം വ്യക്തിയെ ഒരുപക്ഷെ നിങ്ങളും കണ്ടിരിക്കാം: അവൻ സന്തോഷത്തോടെ വചനം കൈക്കൊള്ളുന്നതായി നിങ്ങൾക്കും തോന്നിയേക്കാം. അവൻ പെട്ടെന്ന് സുവിശേഷം അനുസരിക്കുന്നു, നാം ഓരോരുത്തരും അതിൽ സന്തോഷിക്കുന്നു: "അയാൾ ക്രിസ്ത്യാനിയായി തീരുവാൻ വളരെ കുറച്ചു സമയമെടുത്തു എന്നതു അത്ഭുതകരമായി തോന്നുന്നില്ലേ!"

പിന്നെ, അതേ വേഗത്തിൽ, അവന്റെ താൽപര്യം മങ്ങുമ്പോൾ, നമ്മുടെ ഹൃദയവും വേദനിക്കും. വേരിന് പായുവാൻ ആഴമില്ലാത്ത മണ്ണുള്ള പ്രതലത്തിൽ പെട്ടെന്നു പൊട്ടി മുളയ്ക്കുന്ന ഒരു ചെടിപോലെയാണ് അയാൾ. ഏതു കാരണത്താലും, ആ വ്യക്തി സത്യത്തിൽ അല്ല വേരൂന്നിയിരിക്കുന്നത്.[8] ക്രിസ്ത്യാനിത്വത്തിന്റെ വാസ്തവത്തിലുള്ള പ്രാധാന്യം അയാൾ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടു.

യേശുവിന്റെ വിവരണമനുസരിച്ച്, അത്തരത്തിലുള്ള വ്യക്തി "വേരില്ലാതിരിക്കയാൽ, അവൻ ക്ഷണികനത്രേ" (മത്തായി 13:21). കെജെവി പറയുന്നത് അവൻ "കുറച്ചുസമയത്തേക്ക്" സഹിക്കുന്നു എന്നാണ്. ആദ്യത്തെ മണ്ണിനെക്കാൾ നല്ലതെന്ന് അവൻ തോന്നിപ്പിക്കുന്നു, എന്നാൽ അവൻ "അവസാനത്തോളം" സഹിക്കുന്നില്ല (മത്തായി 10:22). അന്തിമഫലമോ, അപ്പോൾ, അതുപോലെ ആയിരിക്കും: "... വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ, അവൻ ക്ഷണത്തിൽ ഇടറിപ്പോകുന്നു" (മത്തായി 13:21). താഴ്ച്ച ഇല്ലാത്ത–മണ്ണിൽ വേരൂന്നിയ ചെടി സൂര്യപ്രകാശം തട്ടുമ്പോൾ വാടിപോകുന്നതുപോലെ, ആ വ്യക്തിയും ഞെരുക്കത്തിന്റെയും ഉപദ്രവത്തിന്റെയും നടുവിൽ വാടിപോകുന്നു. സൂര്യപ്രകാശം ആഴത്തിൽ വേരൂന്നിയ ചെടികളെ ഉറപ്പിക്കുകയും ആഴത്തിൽ വേരൂന്നാത്തവയെ വാടിപ്പോകുവാൻ ഇടയാക്കുന്നതുപോലെ, ഉപദ്രവം ആഴത്തിൽ വേരൂന്നിയ[9] ക്രിസ്ത്യാനിയെ ബലപ്പെടുത്തുകയും ഉൾക്കാഴ്ച്ചയില്ലാത്ത ശിഷ്യന്മാരെ[10] ഇടറിപ്പോകുവാൻ ഇടയാക്കുകയും ചെയ്യുന്നു.

"ഉടനെ" എന്ന വാക്ക് ഉപമയിൽ ആവർത്തിച്ചിരിക്കുന്നതു ശ്രദ്ധിക്കുക: അവൻ "*ഉടനെ* ... സന്തോഷത്തോടെ" വചനം കൈക്കൊണ്ടു, എന്നാൽ വചനം ഉപദ്രവം കൊണ്ടുവരുന്നതു കണ്ടപ്പോൾ, അവൻ "*ഉടനെ*" ഇടറിപ്പോയി. കിരീടത്തിനുമുൻപ് ക്രൂശ് വരുന്നതു അവൻ കണ്ടപ്പോൾ, ക്രൂശിനെ തടയുവാൻ കിരീടത്തെ അവൻ പരസ്യമായി ഖണ്ഡിച്ചു.

ഇത് നിങ്ങളെ കുറിച്ചല്ല എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ എത്ര "ആഴത്തിൽ വേരൂന്നിയിരിക്കുന്നു" എന്നുകാണുവാനുള്ള ഒരു നല്ല മാർഗ്ഗം നിങ്ങൾ എങ്ങനെ ഉപദ്രവത്തോടു പ്രതികരിക്കുന്നു എന്നു പരിശോധിക്കുകയാണ്. ആഴമില്ലാത്ത ഹൃദയമുള്ള ക്രിസ്ത്യാനികൾ പലപ്പോഴും മറ്റു ക്രിസ്ത്യാനികളെ പോലെ "ആരോഗ്യമുള്ള" തായി കാണപ്പെടുന്നത് യേശുവിന്റെ ശിഷ്യനായി തീരുന്നത് പ്രയാസമാണെന്നുതോന്നുന്നതുവരെയും, അവനെ അനുസരിക്കുന്നതിനെക്കാൾ എളുപ്പം അനുസരിക്കാതിരിക്കുന്നതായി തോന്നുന്നതുവരെയുമാണ്:

- ബൈബിൾ പഠനത്തിന് പോകുന്നതിനെക്കാൾ എളുപ്പം കിടക്കയിൽ കിടക്കുന്നതാണെന്നു തോന്നുന്നതുവരെ.
- ആരാധനക്കുപോകുന്നതിനെക്കാൾ എളുപ്പം മീൻപിടിക്കാൻ പോകുന്നതാണെന്ന ചിന്ത ഉണ്ടാകുന്നതുവരെ.
- സുവിശേഷം അറിയിക്കുന്നതിനെക്കാൾ എളുപ്പം മിണ്ടാതിരിക്കുന്നതാണെന്ന ചിന്ത ഉണ്ടാകുന്നതുവരെ.
- "ലോകത്തിന്റെ വെളിച്ചം" ആകുന്നതിനെക്കാൾ എളുപ്പം ലോകത്തോടുകൂടെ സഞ്ചരിക്കുന്നതാണെന്ന ചിന്ത ഉണ്ടാകുന്നതുവരെ.
- സത്യത്തിനുവേണ്ടി[11] നിലകൊള്ളുന്നതിനെക്കാൾ എളുപ്പം തെറ്റ് ശ്രദ്ധിക്കാ

തിരിക്കുന്നതാണെന്ന ചിന്ത ഉണ്ടാകുന്നതുവരെ.

“വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ ഉയരുമ്പോൾ” *നിങ്ങളുടെ* പ്രതികരണം എങ്ങനെ ആയിരിക്കും? നിങ്ങൾ ഒരു ആഴമില്ലാത്ത ക്രിസ്ത്യാനി ആകുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളുടെ ജീവിതത്തെ പുനഃപ്രതിഷ്ഠ നടത്തി ദൈവവചനത്തിൽ ആഴത്തിൽ വേരൂന്നി വളരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

**മുള്ളുള്ള മണ്ണ്: വിഭജിക്കപ്പെട്ട ഹൃദയം**[12]

അടുത്തത് നാം മുള്ളുള്ള മണ്ണിലേക്കാണ് വരുന്നത്. അത്തരം മണ്ണിനെ കുറിച്ച് യേശു താഴെ കൊടുത്തിരിക്കുന്ന വിവരണം നൽകുന്നു: “ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും, ഈ ലോകത്തിന്റെ ചിന്തയും, ധനത്തിന്റെ വഞ്ചനയും, വചനത്തെ ഞെരുക്കിയിട്ട് നിഷ്ഫലനായി തീരുന്നതാകുന്നു” (മത്തായി 13:22).

അത്, എന്നെ സംബന്ധിച്ച്, ആ ഉപമയിൽ വിവരിച്ചിരിക്കുന്ന അവസ്ഥകളിൽ വേദനയുണ്ടാക്കുന്നതാണ്. ആ മണ്ണ് ഫലപൂയിഷ്ടവും പശിമരാശിയുള്ളതും ആയതുപോലെ, ആ വ്യക്തി വളരെ വാഗ്ദാനമുള്ളവൻ എന്നു കാണിക്കുന്നു. അവൻ കഠിനഹൃദയനോ, താഴ്ച്ചയില്ലാത്ത ഹൃദയമുള്ളവനോ അല്ല; അവൻ ആഴമേറിയ വ്യക്തിത്വവും നല്ല സ്വഭാവ ഗുണവും നിറഞ്ഞവനാണ്. ദൈവമകനായി ഫലം പുറപ്പെടുവിക്കുവാനുള്ള ശക്തിയും അവനുണ്ട്. നിർഭാഗ്യവശാൽ, അവന്റെ ഹൃദയം മുഴുവൻ ലൗകിക “മുള്ളുകൾ” നിറഞ്ഞതാണ്. ചിലപ്പോൾ, എന്റെ കുട്ടിക്കാലത്തെ കിള പോലെ, ഉപരിതലത്തിൽ കാണാതിരിക്കേണ്ടതിന് അവൻ “അവയെ കോതിക്കളയുക” മാത്രം ചെയ്തിരിക്കാം – എന്നാൽ ലോകത്തോടുള്ള അവന്റെ സഖ്യത അപ്പോഴും അവന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു.

ആ വ്യക്തി ക്രിസ്ത്യാനിയാകുമ്പോൾ, അതു വാസ്തവത്തിലുള്ള പരിവർത്തനത്തെയാണ് എല്ലാ രീതിയിലും സൂചിപ്പിക്കുന്നത്. എങ്ങനെയായാലും, അവന്റെ ഹൃദയത്തിൽ ക്രിസ്തുവിന് പ്രഥമ സ്ഥാനം കൊടുക്കുന്നതിനുപകരം (മത്തായി 6:33), അവനിൽ ഈ ലോകത്തിന്റെചിന്തകളും (13:22; കെജെവി), “ധനത്തിന്റെ വഞ്ചന” യും (വാ. 22), “സംസാരഭോഗ” ങ്ങളാലും (ലൂക്കൊസ് 8:14), “മറ്റുവിഷയ മോഹങ്ങൾ” കൊണ്ടും നിറഞ്ഞിരിക്കുന്നു (മർക്കൊസ് 4:19; കെജെവി). കാർഷിക വളർച്ചക്കു മാത്രം മണ്ണ് സഹായകമാകുന്നതുപോലെ, ഒരാളുമായുള്ള ബന്ധത്തിൽ ഹൃദയവും അങ്ങനെതന്നെയാണ്: “നിങ്ങൾക്ക് ദൈവത്തെയും മാമോനെയും [രണ്ടും] സേവിപ്പാൻ കഴികയില്ല” (മത്തായി 6:24) – അല്ലെങ്കിൽ ദൈവത്തെയും സുഖത്തെയും, അല്ലെങ്കിൽ ദൈവത്തെയും മറ്റെന്തിനെയും സേവിപ്പാൻ കഴിയുകയില്ല.

അവന്റെ ഹൃദയത്തിന്റെ സ്വഭാവം നിമിത്തം, അവന്റെ ഉള്ളിലുള്ള വചനം തടയപ്പെടുന്നു. അതിന് ജീവൻ നഷ്ടപ്പെടുകയോ അത് നശിക്കപ്പെടുകയോ ചെയ്യുന്നില്ല, എന്നാൽ അത് നിന്നു പോകുന്നു. മുള്ളുകൾ അവയ്ക്കിടയിലെ ചെടികളുടെ ശക്തി ക്ഷയിപ്പിക്കുന്നതുപോലെ, ആ മനുഷ്യന്റെ ആത്മീയമായ തീഷ്ണത ഇല്ലാതാകുന്നു. അവന്റെ കഴിവുകൾ ഉപയോഗിച്ച്, അവന് വലിയൊരു ക്രിസ്ത്യാനിയാകാൻ കഴിയുമായിരുന്നു, എന്നാൽ അയാളുടെ ഏക

ആഗ്രഹം വലിയൊരു വ്യാപാരിയോ രാഷ്ട്രീയക്കാരനോ ആകുവാൻ അല്ലെങ്കിൽ മറ്റെങ്കിലും ആയി തീരുവാൻ ആയിരുന്നു.

ഫലമോ കർത്താവിന്റെ സേവനത്തിൽ അവൻ പ്രയോജനമില്ലാത്തവനായി. ക്രിസ്തു പറഞ്ഞത് ആ വ്യക്തി "പൂർണ്ണമായി ഫലം കൊടുക്കാത്തവൻ" അത്രേ എന്നാണ് (ലൂക്കൊസ് 8:14). ഒരു ധാന്യത്തിന്റെ ശൂന്യമായ മുകൾഭാഗം ഫലമുള്ളതായി കാണപ്പെടുന്നതുപോലെ, ആ വ്യക്തിക്ക് ക്രിസ്ത്യാനിത്വത്തിന്റെ ബാഹ്യമായ രൂപം ഉണ്ടാകും, എന്നാൽ വാസ്തവത്തിൽ അവന്റെ ജീവിതം ശൂന്യമായ ഒരു തോടുപോലെയായിരിക്കും. അവൻ ക്രിസ്തുവിന്[13] ഒരു ഫലവും പുറപ്പെടുവിക്കുന്നില്ല. അവസാനം, താൻ ലോകം നേടിയതായും എന്നാൽ തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയതായും അവൻ കണ്ടെത്തും (മർക്കൊസ് 8:36).

വീണ്ടും, സ്വയ-പരിശോധനക്കുള്ള സമയമാണിപ്പോൾ. നമ്മുടെ ആത്മീയ ശക്തി ഇല്ലാതാക്കുവാൻ മുകളിൽ പറഞ്ഞ ഏതെങ്കിലും പ്രശ്നങ്ങളെ നാം അനുവദിക്കുന്നുണ്ടോ?

(1) *ലോകത്തിന്റെ ചിന്തകളും ആകുലതകളും.* നമ്മെ പൂർണ്ണമായി കർത്താവിന് സമർപ്പിക്കുന്നതിൽ നിന്നു വ്യതിചലിപ്പിക്കുവാൻ നാം നിസ്സാരമായ ഏതെങ്കിലും കാര്യങ്ങളെ അനുവദിക്കുന്നുണ്ടോ? മാർത്തയെ പോലെ, നാം "പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും" (ലൂക്കൊസ് 10:41) വാസ്തവത്തിൽ "വേണ്ടത്" മറക്കുന്നുണ്ടോ (ലൂക്കൊസ് 10:41, 42)?

(2) *ധനത്തിന്റെ വഞ്ചന.* സമ്പത്ത് വാരിക്കൂട്ടുന്നതിലാണു കാര്യം എന്ന വിധത്തിൽ ചിന്തിച്ച് മനസിനെ നാം ധനത്തിന്റെ വഞ്ചനയിലകപ്പെടുവാൻ അനുവദിച്ചിട്ടില്ലേ? നമുക്ക് കുറച്ചു മതി – എന്നാൽ അതു കുറച്ചു കാലത്തേക്കു മാത്രമാണ്. "മുൻപോട്ടുള്ള ഗമനത്തിൽ" തിരക്കുപിടിച്ചു നാം ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ വിട്ടു കളയരുത്.

(3) *സുഖവും മോഹവും.* ലൗകികത നമ്മുടെ ആത്മിയ ജീവിതത്തെ ക്ഷയിപ്പിക്കുവാൻ സാധ്യതയില്ലേ? നമ്മുടെ ഹൃദയങ്ങളിൽ ലോകം വസിക്കുന്നുണ്ടോ? നാം ദൈവത്തെയും മനുഷ്യനെയും സേവിക്കുന്നതിനെക്കാൾ "വിനോദത്തിനായി" നമ്മുടെ സമയവും ഊർജ്ജവും ചിലവിടുന്നുണ്ടോ?

നമ്മിൽ പലരും വിഭജിക്കപ്പെട്ട ഹൃദയമുള്ളവരുടെ പട്ടികയിൽ പെടുന്നുണ്ട്. ദൈവത്തിനായി ഉപയോഗിക്കുവാൻ കഴിയുന്ന താലന്തുകളും ശക്തിയും നമുക്കുണ്ട്, എന്നാൽ മറ്റു പല താല്പര്യങ്ങളും അവനോടുള്ള നമ്മുടെ സ്നേഹത്തെ ഞെരുക്കി കളയുവാൻ ഇടയാക്കുന്നു. നമ്മുടെ മനസ്സുകളെ നമുക്കു കർത്താവിൽ കേന്ദ്രീകരിക്കുവാൻ ശ്രമിക്കാം. യേശു പറഞ്ഞു, "ഹൃദയശുദ്ധി ഉള്ളവർ ഭാഗ്യവാന്മാർ" (മത്തായി 5:8). പൗലൊസ് എഴുതി, "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ, ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ, ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ" (കൊലാസ്സ്യർ 3:1, 2).

**നല്ല മണ്ണ്: സത്യസന്ധമായ നല്ല ഹൃദയം**

അവസാനം നാം "നല്ല മണ്ണിലേക്ക്" വന്നിരിക്കുന്നു, അതിനെ യേശു പറഞ്ഞത് "ഗുണമുള്ള നല്ല" ഹൃദയം എന്നാണ് (ലൂക്കൊസ് 8:15). അവരുടെ ഹൃദയം കഠിനപ്പെടുകയോ, താഴ്ച്ചയില്ലാതിരിക്കുകയോ, വിഭജിക്കപ്പെ

ടുകയോ ചെയ്തിരുന്നില്ല. അവർ “വചനം കേൾക്കയും അംഗീകരിക്കയും ചെയ്തു” (മർക്കൊസ് 4:20). അവർ വചനം “കേട്ടു ഗ്രഹിക്കുന്നതിന്” പരിശ്രമിച്ചു (മത്തായി 13:23). ഒരിക്കൽ അവർ വചനം കൈക്കൊണ്ടാൽ, അവർ അതിനെ “സംഗ്രഹിച്ചു” (ലൂക്കൊസ് 8:15). അവർ സങ്കീർത്തനക്കാരൻ വിവരിച്ച മനുഷ്യനെ പോലെയാണ്: അവർ “യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു” (സങ്കീർത്തനങ്ങൾ 1:2).

അത്തരം ഒരു ഹൃദയത്തിൽ, വചനത്തിന് മുളയ്ക്കുവാനും, വളരുവാനും, അവസാനം ഫലം പുറപ്പെടുവിക്കുവാനും കഴിയും. യേശു പറഞ്ഞു “നല്ല നിലത്തു വിതെക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അത് വിളഞ്ഞു, നൂറും, അറുപതും, മുപ്പതും മേനി നൽകുന്നു” (മത്തായി 13:23). വ്യത്യസ്ത മണ്ണുകൾക്ക് വ്യത്യസ്ത ശക്തിയാണുള്ളത്, അതുകൊണ്ട് വർദ്ധനവിന്റെ ശതമാനവും വ്യത്യസ്തമായിരിക്കും, എന്നാൽ അവയെല്ലാം – നൂറും, അറുപതും, മുപ്പതും മേനി – ആയിരിക്കും ഗുണം നൽകുന്നത്. ഒടുവിൽ, ഇവിടെ, വിത്ത് വിതെക്കുന്നതിൽ ആഗ്രഹിച്ച ഫലമാണ് നൽകുന്നത്: തന്റെ ജീവിതത്തിൽ ആത്മീയ ഫലം പുറപ്പെടുവിക്കുന്ന ഒരു പക്വതയുള്ള ക്രിസ്ത്യാനി!

ഒരിക്കൽ കൂടെ, നമുക്കോരോരുത്തർക്കും നമ്മെ തന്നെ നോക്കാം. നമുക്കോരോരുത്തർക്കും ചോദിക്കാം, “എനിക്ക് സത്യസന്ധമായ നല്ല ഹൃദയമുണ്ടോ? ഞാൻ താൽപര്യത്തോടെ വചനം കൈക്കൊള്ളുന്നുണ്ടോ? എല്ലാ രീതിയിലും അവനെ അനുസരിക്കുവാൻ എനിക്ക് ആഗ്രഹമുണ്ടോ?”

ആ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാനുള്ള ഒരു മാർഗ്ഗം “ഫലം പരിശോധിക്കുക” എന്നതാണ്. യേശു പറഞ്ഞു, “അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം” (മത്തായി 7:16). നമ്മുടെ ജീവിതത്തിൽ നാം ഫലം പുറപ്പെടുവിച്ചിട്ടുണ്ടോ? നമ്മുടെ ജീവിതത്തിൽ നിന്ന് ദൈവത്തിന് ഫലം പ്രതീക്ഷിക്കാവുന്ന നിലയിൽ നാം ദൈവമക്കളായി തീർന്നിട്ടുണ്ടോ?[14] ക്രിസ്തു പറഞ്ഞു, “നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ, എന്റെ പിതാവു മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും” (യോഹന്നാൻ 15:8). പൗലൊസ് എഴുതിയത് നാം ക്രിസ്തുവിനോടു ചേരുന്നത് “ദൈവത്തിന് ഫലം കായ്ക്കേണ്ടതിനത്രെ” എന്നാണ് (റോമർ 7:4). അവൻ വീണ്ടും പറഞ്ഞതു “നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി, കർത്താവിന്ന് യോഗ്യമാംവണ്ണം നടന്നു, സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം” (കൊലൊസ്യർ 1:10) എന്നാണ്.

“ഫലം കായ്ക്കുക” എന്നാൽ എന്താണ് അർത്ഥം? “ഫലം” എന്നതിനർത്ഥം “പരിണിതഫലം; അനന്തരഫലം”[15] എന്നാണ്. കർത്താവിനുവേണ്ടി “ഫലം പുറപ്പെടുവിക്കുക” എന്നാൽ അർത്ഥമാക്കുന്നത് നമ്മുടെ ജീവിതത്തിൽ വചനം പ്രതീക്ഷിക്കുന്ന *അനന്തരഫലം* ഉണ്ടാക്കിയെന്നും, നാം എങ്ങനെ ജീവിക്കുന്നു എന്നതിൽ വചനത്തിന്റെ പ്രായോഗിക *ഫലം* ആളുകൾക്കു കാണുവാൻ കഴിയും എന്നുമാണ്. നമ്മുടെ മനോഭാവം യേശുവിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുമ്പോൾ നാം “ഫലം പുറപ്പെടുവിക്കുന്നു.” നാം മറ്റുള്ളവരെ സഹായിക്കുകയും ആളുകളോടു വലിയ ദയവോടെ പെരുമാറുകയും ചെയ്യുമ്പോൾ നാം “ഫലം കായ്ക്കുകയാണ്” ചെയ്യുന്നത്. നമ്മുടെ വിശ്വസ്തമായ ആരാധനയിലും വർദ്ധിച്ച സേവന

ത്തിലും ആത്മീയ കാര്യങ്ങളോടു നമുക്കുള്ള സ്നേഹം പ്രകടമാകുമ്പോൾ നാം "ഫലം പുറപ്പെടുവിക്കുന്നു." നാം സുവിശേഷം പങ്കിടുമ്പോഴും മറ്റുള്ളവരെ കർത്താവിങ്കലേക്ക്[16] അടുപ്പിക്കുമ്പോഴും നാം "ഫലം പുറപ്പെടുവിക്കുകയാണ്."

വീണ്ടും, ക്രിസ്തുവിന്റെ വാക്കുകൾ നമുക്കാവർത്തിക്കാം: "ചെവിയുള്ളവൻ, കേൾക്കട്ടെ" (മത്തായി 13:9). ഇതു നമ്മെ ഉൾക്കൊള്ളുവാൻ വിളിക്കുന്നതിനു സഹായിക്കുക മാത്രമല്ല, പാഠത്തിന്റെ സാരം ആയി ഉപയോഗിക്കുവാനും സഹായകമാണ്: ക്രിസ്തുവിന്റെ വാക്കുകൾ കേട്ട് കൈക്കൊള്ളുമ്പോൾ, നിങ്ങൾ അനുഗ്രഹിക്കപ്പെടും!

**ഉപസംഹാരം**

കഴിഞ്ഞ കാലത്തിൽ നിങ്ങൾ എങ്ങനെയാണ് വചനം കൈക്കൊണ്ടത് എന്ന് എനിക്ക് അറിയില്ല, എന്നാൽ ഇപ്പോൾ യാക്കോബ് വിവരിച്ച ഹൃദയ മനോഭാവത്തോടുകൂടെ വചനം കൈക്കൊള്ളണമെന്നു ഞാൻ അപേക്ഷിക്കുന്നു:

> ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു, നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും, ഉൾനട്ടതുമായ വചനം, സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട്, തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കൊബ് 1:21, 22).

നിങ്ങൾക്ക് പരിചയമുള്ളതോ അല്ലാത്തതോ ആയ തിരുവെഴുത്തിലെ ചില പ്രധാനപ്പെട്ട വേദഭാഗങ്ങൾ ഇതാ:

> "വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:16).

> "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

> "ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക" (പ്രവൃത്തികൾ 22:16).

> "'... മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും'" (വെളിപ്പാട് 2:10).[17]

നിങ്ങൾക്ക് നല്ലതും ആത്മാർത്ഥവുമായ ഒരു ഹൃദയമുണ്ടാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു – അതിനു നിങ്ങൾ ഈ വേദഭാഗങ്ങൾ കേൾക്കുവാനും, കൈക്കൊള്ളുവാനും, മനസ്സിലാക്കുവാനും, അനുസരിക്കുവാനും, അതു നിങ്ങളുടെ ഹൃദയത്തിൽ സൂക്ഷിക്കുവാനും ഞാൻ അപേക്ഷിക്കുന്നു.

### പ്രസംഗകുറിപ്പുകൾ

ഒരർത്ഥത്തിൽ, ഈ പ്രസംഗത്തിന്റെ സന്ദേശം ലളിതമാണ്; മറ്റൊരർത്ഥത്തിൽ, ഉയർന്നതുമാണ്. വിതെക്കുന്നവന്റെ ഉപമയിലെ സത്യങ്ങൾ നമ്മെ എല്ലാവരെയും സമയാസമയങ്ങളിൽ ഓർമ്മിപ്പിക്കേണ്ടതുണ്ട്.

ഞാൻ ഇതു പ്രസംഗിക്കുമ്പോൾ, ഞാൻ ഒരു ഫ്ളാനൽ ബോർഡ് അവതരണം നടത്തി. പ്രസംഗം തുടങ്ങുമ്പോൾ, തല വാചകം ബോർഡിന്റെ മുകളിൽ എഴുതും, ആ ബോർഡിന്റെ നടുവിലായി വിതെക്കുന്നവന്റെ ചിത്രമുണ്ടാകും, ഒരു കറുത്ത നൂൽകൊണ്ട് (പിന്നുകൾ കൊണ്ട് വലിച്ചുനീട്ടി) ബോർഡിനെ നാലുഭാഗമായി തിരിക്കും.

നൂലുകൊണ്ടുള്ള ഭാഗങ്ങൾ യേശു പറഞ്ഞ പോയിന്റുകൾ ചിത്രീകരിക്കുവാൻ ഉപയോഗിച്ചുകൊണ്ടാണ്, ഞാൻ ആദ്യം ഉപമയിൽ കൂടെ കടന്നുപോകുന്നത്. സംഭവത്തിന്റെ പുരോഗതിക്കുവേണ്ടി ഞാൻ ധാരാളം ചെറിയ ചെറിയ ഭാഗങ്ങൾ ഉപയോഗിക്കും. ഉദാഹരണത്തിന്, കടുപ്പമുള്ള മണ്ണിനെ കുറിച്ചു ഒരു വിവരണം ബോർഡിൽ (അടയാളപ്പെടുത്തി) നൽകിക്കൊണ്ടു ആരംഭിക്കും. പിന്നെ ഞാൻ ഒരു "വിത്ത്" എടുത്ത് "മണ്ണിനു" മുകളിലായി ഇടും. അവസാനം, വിത്ത് കൊത്തി ക്കൊണ്ടു പോകുവാൻ തയ്യാറായിരിക്കുന്ന ഒരു പക്ഷിയുടെ ചിത്രം വരയ്ക്കും. അതേ സമീപനം




ഞാൻ എല്ലാ മണ്ണുകൾക്കും ഉപയോഗിക്കും: താഴ്ച്ചയില്ലാത്ത മണ്ണിന്, ആദ്യം ഞാനൊരു ചെറിയ ചെടിയുടെ ചിത്രം വരയ്ക്കും; പിന്നെ സൂര്യപ്രകാശം വരച്ച് വാടിപ്പോയ ചെടിയുടെ ചിത്രവും കാണിക്കും. മറ്റു മണ്ണുകൾക്കും ഇതേ പോലെ ചെയ്യും. ഉപമയെ കുറിച്ചു പറയുന്ന പ്രസംഗഭാഗം ഞാൻ അവസാനിപ്പിക്കുമ്പോൾ, ബോർഡ് ഏതാണ്ട് താഴെ കൊടുത്തിരിക്കുന്ന ചിത്രംപോലെ കാണാം.

യേശു ഉപമയെ കുറിച്ച് വിശദമാക്കിയത് ഞാൻ ചർച്ച ചെയ്യുമ്പോൾ, ഞാൻ ആ മണ്ണിനടിയിലെ ലേബലുകൾ മാറ്റുകയും അതിനുപകരം വിവരണത്തിനാവശ്യമായ വാക്കുകൾ ചേർക്കുകയും ചെയ്യും. ബോർഡിന്റെ താഴെ

സ്വയ–പരിശോധനയെ പ്രോത്സാഹിപ്പിക്കുവാൻ ഒരു ചോദ്യ ചിഹ്നവും അട യാളപ്പെടുത്തും. പ്രസംഗത്തിന്റെ അവസാനത്തിൽ ബോർഡ് എങ്ങനെ ഇരി ക്കുമെന്നു കാണിക്കുന്ന ചിത്രീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

---

കുറിപ്പുകൾ

[1] ഈ പാഠത്തിനുള്ള എന്റെ നോട്ടുകൾ വളരെ കാലം മുൻപുള്ളതാണ്, അതുകൊണ്ട് എല്ലാ ഉറവിടങ്ങളും എന്റെ ഓർമ്മയിൽ വരുന്നില്ല. മെക്ഗാർവെയുടെ *ഫോർഫോൾഡ് ഗോസ്പെൽ* ഒരു മുഖ്യ ഉറവിടമായിരുന്നു എന്നു ഞാൻ ഓർക്കുന്നു, ചിത്രീകരണത്തിനും പ്രായോഗികതക്കും ഉപയോഗിക്കാവുന്ന ആശയം എനിക്കു നൽകിയിട്ടുള്ളത് ഒരു ഫ്ളാനൽഗ്രാഫ് പായ്ക്കറ്റാണെന്നും ഞാൻ ഓർക്കുന്നു. അതിനുപുറമെ, ആർക്കാണ് ഞാൻ നന്ദി ചെലുത്തേണ്ടത് എന്ന് എനിക്ക് അറിയില്ല. ആർക്കെങ്കിലും ബഹുമതി കൊടു ക്കേണ്ടതിന് വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. [2]ചില വിത്തുകൾ "വഴിയരികെ" വീണു എന്നാണ് കെജെവി പറയുന്നത്. എൻഎഎസ്ബിയിലെ പദപ്രയോഗമാണ് നിങ്ങൾ നട ത്തുന്നതെങ്കിൽ, നിങ്ങൾക്ക് "പാതയോരത്ത്" എന്ന് വേണമെങ്കിൽ ഉപയോഗിക്കാം. [3]നിങ്ങൾ സംസാരിക്കുമ്പോൾ, വ്യത്യസ്തമായ മണ്ണുകളുടെ ചിത്രീകരണങ്ങൾ വേണ മെങ്കിൽ കാണിക്കാം. [4]വിവിധ ആകൃതിയിലുള്ള പാറകൾ നിറഞ്ഞ മണ്ണിനെ കുറിച്ചല്ല ചിന്തിക്കേണ്ടത്, മറിച്ച് ഒരു നിര പാറയുടെ പുറത്ത് കനം കുറഞ്ഞ നിരയിലുള്ള മണ്ണിനെ കുറിച്ചാണ്. [5]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 330. [6]ഞാൻ താമസിക്കുന്ന സ്ഥലത്ത്, ഗോത മ്പിന്റെ തലയെന്നോ ചോളത്തിന്റെ ചെവിയെന്നോ എനിക്കു പറയുവാൻ കഴിയും. നിങ്ങ ളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള വാക്ക് ഉപയോഗിക്കുക. [7]മണ്ണ് (ഹൃദയം) വിതെ ക്കുന്നയാൾ (ഉപദേഷ്ടാവു) ഒരുക്കുകയും ശുദ്ധമാക്കുകയും വേണം എന്നതു സത്യ മാണ്, എന്നാൽ ഈ ഉപമയിൽ മണ്ണിന്റെ (ഹൃദയം) അവസ്ഥ മാത്രമാണ് പരിഗണിച്ചിരി ക്കുന്നത്. [8]കൊലൊസ്യർ 1:23 വായിക്കുക; കെജെവി. [9]കൊലൊസ്യർ 2:7 വായിക്കുക. [10]ഈ വാചകം മെക്ഗാർവെ ആന്റ് പെൻലിറ്റൺ, 334–ൽ നിന്ന് എടുത്തതാണ്.

[11]ഞാൻ താമസിക്കുന്ന സ്ഥലത്തിന് യോജിച്ചതാണ് എന്റെ പ്രായോഗികതകൾ. അവയെ നിങ്ങളുടെ സ്ഥലത്തിനും ശ്രോതാക്കൾക്കും യോജിക്കുന്നതാക്കുക. [12]ഉപയോ ഗിക്കാവുന്ന മറ്റൊരു വാക്ക് "വ്യതിചലിച്ച ഹൃദയം" എന്നതാണ്. [13]കർത്താവിന് "ഫലം കായ്ക്കുക" എന്നാൽ എന്താണെന്ന് നിങ്ങൾക്കുവേണമെങ്കിൽ വിശദീകരിക്കാം. അത് ഈ പാഠത്തിന്റെ അവസാനം ചെറുതായി വിവരിച്ചിട്ടുണ്ട്. [14]ഈ ചിന്ത നിങ്ങൾക്കുവേ ണമെങ്കിൽ വിപുലീകരിക്കാം, അതിന് നിങ്ങളുടെ ശ്രോതാക്കൾക്കു പരിചയമുള്ള ചെടി കൾ ഉപയോഗിക്കാം. എനിക്ക് വളർന്നുവലുതായ ഏഴു പെക്കാൻ മരങ്ങളും, രണ്ടു ചെറു തുമുണ്ട്. ചെറിയ രണ്ടു വൃക്ഷത്തിൽനിന്ന് ഉടനെ ഞാൻ ഫലം പ്രതീക്ഷിക്കുന്നില്ല, എന്നാൽ ഈ വർഷം അതിൽ ഫലം ഉണ്ടായി കാണാനുള്ള സമയമായി. എന്നാൽ ഇനിയും കാലങ്ങൾ കടന്നുപോയാലും അതിൽ ഫലം കണ്ടില്ലെങ്കിൽ, അവയെ മുറിച്ചു കളയും. (ഈ വർഷം, ആദ്യമായി, അവയിൽ കുറച്ച് ഫലങ്ങൾ കായ്ച്ചു, അതുകൊണ്ട് അവ സുരക്ഷിതമാണ്.) [15]*അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി*, 4–ാം എഡി. (2001), എസ്. വി. "ഫ്രൂട്ട്." [16]നിങ്ങൾ താമസിക്കുന്ന സ്ഥലത്തിനുയോജിക്കുന്ന വിധത്തിൽ ഈ ഖണ്ഡിക വിപുലപ്പെടുത്തി ഉപയോഗിക്കുക. [17]നിങ്ങളുടെ സദസ്യരെ അടിസ്ഥാനപ്പെ

ടുത്തി, തെറ്റിപ്പോയ ക്രിസ്ത്യാനികളെ എങ്ങനെ യഥാസ്ഥാനപ്പെടുത്താം എന്നതിനെ കുറിച്ചുള്ള വേദഭാഗങ്ങളും നിങ്ങൾക്ക് വേണമെങ്കിൽ ഉൾപ്പെടുത്താം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9).

